(ബി) ഇവ സ്ഥാപിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ പ്രാരംഭ ദശയിലാണ്. എന്നിരുന്നാലും ഇവയുടെ പ്രവർത്തനം 2006-ൽ ആരംഭിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ബാധകമല്ല.

സാംക്രമിക രോഗങ്ങളുടെ കാരണങ്ങളും നിവാരണ മാർഗ്ഗങ്ങളും

146 [971] ശ്രീ. കെ. പി. രാജേന്ദ്രൻ:
" പി. നാരായണൻ:
" ബിനോയ് വിശ്വം:
" മാങ്കോട് രാധാകൃഷ്ണൻ:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സാംക്രമിക രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പഠനങ്ങളിൽ നിന്ന് വെളിവായ കാരണങ്ങൾ വിശദമാക്കുമോ;

(സി) സാംക്രമിക രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എലിപ്പനി, ഡെങ്കിപ്പനി, ജപ്പാൻജ്വരം, മലേറിയ തുടങ്ങിയ മാരക രോഗങ്ങൾ റിപ്പോർട്ട് ചെയ്താൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ആരോഗ്യ വകുപ്പിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(ഇ) ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ മൂന്നു വർഷക്കാലമായി ഇത്തരം രോഗങ്ങൾ മൂലം എത്ര മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ജി) ഇത്തരം മാരക രോഗങ്ങൾ മൂലം മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(എച്ച്) എങ്കിൽ ഈ തടസ്സം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ സാംക്രമിക രോഗങ്ങൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ കൂടുതലായി അടുത്തിടെ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ പഠനങ്ങൾ ഇതു സംബന്ധിച്ച് നടത്തിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

Page 1

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന എന്റമോളജി വിഭാഗം ജൂൺ 2003-ൽ സംസ്ഥാനത്തുടനീളം വെക്ടർ സ്റ്റഡി നടത്തുകയുണ്ടായി. കൊതുകു നിരീക്ഷണ പഠനങ്ങൾ (വെക്ടർ സർവയലൻസ്) പകർച്ചവ്യാധികൾ ഉള്ള സമയത്ത് മാസത്തിലൊരിക്കലും ഇടവേളകളിൽ രണ്ടോ മൂന്നോ മാസത്തിലൊരിക്കലും തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുകയാണ്.

ജൂലായ് 2003-ൽ സെൻട്രൽ റിസർച്ച് ഇൻ മെഡിക്കൽ എന്റമോളജി, മധുരയിൽ കൊതുകുകളെ ശേഖരിച്ച് വൈറസ് ഐസൊലേഷൻ പഠനങ്ങൾ നടത്തുകയുണ്ടായി.

ഒക്ടോബർ 2003-ൽ സി.ആർ.എം.ഇ. ടീം നേരിട്ട് വെക്ടർ പഠനങ്ങൾ നടത്തുകയുണ്ടായി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ്, ഡൽഹി ഡെങ്കിപ്പനിയെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തുകയുണ്ടായി.

ചേർത്തലയിലെയും കോഴിക്കോട്ടെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസിന്റെ വിഭാഗം തുടർ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകളുടെ സാന്ദ്രത വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. വൈറസ് സംബന്ധമായ പഠനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ അറിവായിട്ടില്ല. സി.ആർ.എം.ഇ., മധുര ആണ് ഈ പഠനങ്ങൾ നടത്തിവരുന്നത്.

മലമ്പനി രോഗങ്ങൾ പരത്തുന്ന സ്റ്റീഫൻസൈസ് കൊതുകുകളെ കൂടുതൽ സ്ഥലങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) ഡെങ്കിപ്പനി പരത്തുന്നത് ഈഡിസ് വർഗ്ഗത്തിൽപ്പെട്ട കൊതുകുകളാണ്. ഈ കൊതുകുകൾ മുട്ടയിട്ടു വളരുന്നത്, ചെറിയ കൃത്രിമമായ ജലശേഖരങ്ങളിൽ ആകയാൽ, അവ നശിപ്പിക്കുകയാണ് ഫലപ്രദമായ മാർഗ്ഗം എന്ന നിലയ്ക്ക് കൊതുകിന്റെ പ്രജനന സ്ഥലങ്ങളെ നശിപ്പിക്കുന്നു. പുറമേയുള്ള ഫോഗിംഗ്, കുത്താടി മത്സ്യത്തെ നിക്ഷേപിക്കൽ, ആരോഗ്യ വിദ്യാഭ്യാസം എന്നിവ നടത്തി വരുന്നു.

കോളറയും വയറിളക്ക രോഗങ്ങളും തടയുന്നതിനായി പരിസര ശുചിത്വം പാലിക്കുവാൻ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പ്രശ്ന പ്രദേശങ്ങളിൽ കിണറുകളും മറ്റു ജലസ്രോതസ്സുകളും ക്ലോറിനേറ്റ് ചെയ്തുവരുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ ക്ലോറിൻ ഗുളികകൾ നൽകിവരുന്നു.

എലിപ്പനി തടയുവാൻ പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം നടത്തിവരുന്നു. മുൻകാലങ്ങളിൽ രോഗബാധയുണ്ടായ സ്ഥലങ്ങളിൽ മുൻകരുതലെടുക്കുവാൻ ജനങ്ങളെ പ്രത്യേകം ബോധവൽക്കരിക്കുന്നു. രക്തപരിശോധന വഴി രോഗനിർണ്ണയം നടത്തുന്നതിനുള്ള സൗകര്യം ജില്ലാ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ രോഗങ്ങൾക്കുവേണ്ട ചികിത്സാ സൗകര്യങ്ങൾ ജില്ലാ/താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും ലഭ്യമാണ്. സംസ്ഥാനതലത്തിലും ജില്ലതലത്തിലും ദ്രുതകർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി സാംക്രമിക രോഗങ്ങളെ ദൈനംദിനം നിരീക്ഷിക്കുകയും ആവശ്യമായ പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. അടിയന്തിര പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി താലൂക്ക് തലങ്ങളിലും ദ്രുതകർമ്മസേനകൾ നിലവിലുണ്ട്.

(ഇ) സംസ്ഥാനതലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാതലത്തിൽ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും ഇത്തരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) 2001 മുതൽ 2003 വരെ (കഴിഞ്ഞ മൂന്നു വർഷക്കാലമായി)

| | | |
|---|---|---|
| ഡെങ്കിപ്പനി | .. | 71 |
| എലിപ്പനി | .. | 424 |
| മലേറിയ | .. | 24 |

(ജി) സാമ്പത്തിക സഹായം നൽകാൻ പദ്ധതികൾ ഒന്നും ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

## മലേറിയ/ഡെങ്കിപ്പനി പടരാതിരിക്കാൻ നടപടി

147 [972] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ മലേറിയ/ഡെങ്കിപ്പനി വ്യാപകമായി പടർന്നുപിടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രോഗംമൂലം എത്രപേർ ഇതിനകം മരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ രോഗം വ്യാപിക്കാതിരിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ഡി) ഇത്തരം പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly